## 429

സ്നേഹിച്ചിടും ഞാൻ എന്നാത്മനാഥനെ
കാൽവറി ക്രൂശിൽ ജീവനും തന്നു സ്നേഹിച്ചതെന്നെ നീ-

1 സ്വർഗ്ഗത്തിൽ രാജാവു നീ ഭൂവിൽ പുൽക്കൂട്ടിൽ ജാതനായി
കാടുകൾ മേടുകളിൽ എന്നെ തേടി നടന്നവൻ നീ
കൈകാൽ വിരിച്ചാ കാൽവറി ക്രൂശിൽ കെ   ത്തിയെന്നെ നീ-

2 എന്നെ വിളിച്ചവൻ നീ എന്നും വിശ്വസ്തനായകനാം
നീതിയിൻ പാതകളിൽ എന്നെ നേരെ നടത്തിടും നീ
കൂരിരുൾ വഴിയിൽ ശത്രുക്കൾ നടുവിൽ കൈവിടുകില്ല നീ-

3 നിൻസ്നേഹക്കൊടിക്കീഴിൽ മാറും എന്നാകുലങ്ങളെല്ലാം
നിൻമുഖതേജസ്സിനാൽ മായും എന്നാലസ്യങ്ങളെല്ലാം
ഇന്നലേയുമിന്നും എന്നുമനന്യാം നിൻമാർവ്വിൽ ചാരും ഞാൻ- **P.T.**